'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഭരണച്ചെലവുകൾ വഹിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.1450/2019/LSGD തീയതി,തിരുവനന്തപുരം, 11/07/2019

---

പരാമർശം:- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14.06.2019-ലെ 2728/ഇ.ജി.എസ്.-ബി/16/ആർ.ഇ.ജി.എസ് നമ്പർ കത്ത്

## ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ നിയമങ്ങൾ പ്രകാരം ഓരോ സാമ്പത്തിക വർഷത്തേയും ആകെ ചെലവിന്റെ ആറ് ശതമാനം ഭരണച്ചെലവുകൾക്കായി നീക്കി വയ്ക്കാവുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി നിയമിച്ചിട്ടുള്ള കരാർ ജീവനക്കാരുടെ വേതനം, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്ജുകൾ, പരിശീലന ചെലവുകൾ മുതലായ ഭരണച്ചെലവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഭരണച്ചെലവിനുള്ള ഫണ്ട് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അനുവദിച്ച് സംസ്ഥാന സർക്കാർ റിലീസ് ചെയ്യുന്ന മുറയ്ക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ മുഖേന ജില്ല, ബ്ലോക്ക്, ഗ്രാമതലങ്ങൾക്ക് കൈമാറുകയാണ് നിലവിൽ ചെയ്യുന്നത്.

2. കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ വർഷം ആകെ ചെലവിന് ആനുപാതികമായി ഭരണച്ചെലവുതുക ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ തനത് ഫണ്ട് ലഭ്യമായ ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമുള്ള പണം, 2018 സെപ്റ്റംബർ മാസം മുതൽ തങ്ങളുടെ തനത് ഫണ്ടിൽ നിന്നുമാണ് നൽകിവരുന്നത്. നിലവിൽ 9 മാസത്തെ ഭരണച്ചെലവുതുക ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും റീഇംബേഴ്സ് ചെയ്തു നൽകുവാനുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ പല ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും തൊഴിലുറപ്പ് ജീവനക്കാരുടെ പ്രതിമാസ വേതനം, അലവൻസ് തുടങ്ങിയവ ഇനി തനത് ഫണ്ടിൽ നിന്നും നൽകുവാൻ കഴിയില്ലായെന്ന നിലപാടെടുക്കുന്നതായും ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലെ ജീവനക്കാർക്ക് പ്രതിമാസ വേതനം, അലവൻസ് എന്നിവ ലഭ്യമാകാതെ വരുന്നത് പദ്ധതിയുടെ ദൈനംദിന നടത്തിപ്പിനെ സാരമായി ബാധിക്കുമെന്നും പരാമർശ കത്ത് മുഖേന മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ, പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ പ്രതിമാസ വേതനവും അലവൻസുകളും ഇതര ഭരണച്ചെലവുകളും അതാത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഇടതടവില്ലാതെ ചെലവഴിക്കുവാനും ആയത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് റീഇംബേഴ്സ് ചെയ്ത് ലഭ്യമാകുന്ന സന്ദർഭങ്ങളിൽ തിരികെ വകയിരുത്തി ക്രമീകരിക്കുവാനും വേണ്ട പൊതു ഉത്തരവ് നൽകണമെന്ന് മിഷൻ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി , പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള കരാർ ജീവനക്കാരുടെ വേതനം, മറ്റ് അത്യാവശ്യ ഭരണച്ചെലവുകൾ എന്നിവ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.GOPALAKRISHNA BHAT
SECRETARY

പകർപ്പ്
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ